ദേശാഭിമാനി
08 May 2019

# ഇന്ത്യൻ തീരങ്ങളിലെ ജൈവലോല പ്രദേശങ്ങളുടെ സംരക്ഷണം: ശിൽപ്പശാല തുടങ്ങി



സിഎംഎഫ്ആർഐയിൽ ആരംഭിച്ച ശിൽപ്പശാലയിൽ ഡോ. ഇ വിവേകാനന്ദൻ സംസാരിക്കുന്നു

**കൊച്ചി**

ഇന്ത്യൻ തീരങ്ങളിലെ ജൈവലോല പ്രദേശങ്ങളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടപ്പാക്കിവരുന്ന ഗവേഷണപദ്ധതിയുടെ ഭാഗമായുള്ള അവലോകന ശിൽപ്പശാല തുടങ്ങി. ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരമായ പുനരുപയോഗത്തിനും വേണ്ടി അന്തർദേശീയ തലത്തിൽ നടത്തുന്ന ഗവേഷണത്തിന്റെ ഭാഗമായാണ് സിഎംഎഫ്ആർഐ രണ്ടുവർഷമായി പദ്ധതി നടപ്പാക്കുന്നത്. ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ സംരക്ഷണം ആവശ്യമായ മേഖലകൾ കണ്ടെത്തുകയും ശാസ്ത്രീയമായ പരിപാലനരീതികൾ നിർദേശിക്കുകയുമാണ് പഠനത്തിന്റെ ലക്ഷ്യം.

പഠനത്തിൽനിന്നു ലഭിക്കുന്ന ജൈവവൈവിധ്യ വിവരങ്ങൾ സർക്കാർ ഏജൻസികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്ന് ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ വിവേകാനന്ദൻ പറഞ്ഞു. ഗവേഷണപദ്ധതിയുടെ പുരോഗതി മുഖ്യഗവേഷകനായ ഡോ. കെ വിനോദ് വിശദീകരിച്ചു. ഡോ. ടി വി സത്യാനന്ദൻ, ഡോ. കെ കെ ജോഷി എന്നിവർ സംസാരിച്ചു.